## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *240 — 17.06.2019- ൽ മറുപടിക്ക്

## കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിൽ നിയമ ലംഘനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ജെ. മാക്സി<br>,, ജെയിംസ് മാത്യു<br>,, എം. നൗഷാദ്<br>,, കെ. ആൻസലൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) കടകളിലും മറ്റ വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് ഇരിക്കാൻ സൗകര്യമൊരുക്കണമെന്ന നിയമം നിരവധി സ്ഥാപനങ്ങൾ നടപ്പിലാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജോലി നഷ്ടപ്പെടുമെന്ന ഭീതികൊണ്ട് തൊഴിലാളികൾ പരാതിപ്പെടാൻ മടിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുൾപ്പെടെയുള്ള നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുന്നതിനായി പരിശോധന കൂടുതൽ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര പ്രോസിക്യൂഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്; | (സി) ഇത്തരത്തിലുള്ള വിവിധ നിയമ ലംഘനങ്ങൾക്കെതിരെ തൊഴിൽ നിയമങ്ങൾ പ്രകാരം 15626 പ്രോസിക്യൂഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) നിരവധി സ്ഥാപനങ്ങൾ വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, മറ്റ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നില്ലെന്ന സ്ഥിതി അവസാനിപ്പിക്കാൻ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ ? | (ഡി) വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ(ഇ)യുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും |

അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപനപരിശോധനകളും നടത്തിവരുന്നു. നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ